MR. S. KRISHNA PILLAI (*Karunagapalli*): The one important argument which I wish to urge in support of my amendment is this. It will be found on examination that, in a large majority of cases, the *jenmikaram* comprises both paddy and money. The purport of the Bill seems to be that, wherever possible, the paddy due must be paid in paddy. The Law Member, in his opening speech on this Bill, in the beginning of this session, said that, if the Sirkar were to undertake to collect the dues of the jenmi, they would not undertake the responsibility of collecting any paddy due as paddy and handing it over to the jenmi as paddy, and that they would collect it only in the shape of money and hand it over to the jenmi. If that be so, the argument of the jenmi that he must, hereafter also, continue to get his paddy dues in paddy, loses force. Further, it is very dangerous to allow any payment in kind to continue any longer. This payment in kind results in a variety of abuses. The persons who are to accept the paddy measured out to them used to resort to all sorts of devices to enhance the quantity actually obtained by them. The tenant who has to pay is always put to a good deal of trouble in satisfactorily tendering the paddy due. This fact has been recognised by Government, and that is why that, years ago, they fixed the commutation rate once for all. Now, the provision in the Bill is that money will be realised hereafter at the *nirak* rate, instead of the paddy due. That is certaina ly blessing so far as it goes since the kudiyan will be saved the trouble of tendering the dues in kind. But, there is one difficulty. We find, from the various reports published by the Government, that the statistics prepared by the Government are very often unreliable and inaccurate. I know as a matter of fact that these statements, of

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai]

nirak rates of commodities, are prepared by the clerks of the Taluk Offices, apparently on the responsibility of the Tahsildars. Sometimes, it is the very lowest acting clerk that may do it. I also know, in my experience, that there are jenmies who regularly subsidise these clerks. I do not blame the Tahsidars if, unwittingly, they play into the hands of these unscrupulous clerks. These clerks, Sir, without caring to ascertain the truth of the statements they are making and sometimes they deliberately give false figures to help these rich jenmies to get at enhanced rates and prepare unreliable reports as to the *nirak* rates of commodities, so that we find that, invariably, the actual market rates are much lower than the *nirak* rates published by Government.

MR. N. RAMAN NAMPUTIRIPAD (*Co-opted*) : താലൂക്കിലെ ഗുമസ്തന്മാർ ജന്മിമാരുടെ പണത്തിനുമാത്രമെ വിലകല്പിക്കുന്നുള്ളൂ? കുടിയാന്റെപണത്തിനു വില കല്പിക്കുന്നില്ലെ?

MR. S. KRISHNA PILLAI (*Karunagapalli*) കുടിയാന് നെല്ലെവിടെ, പണമെവിടെ? നിരക്കുവിലയുടെ ആവശ്യക്കാരൻ ജന്മിയാണ്. സർക്കാരിനു ആവശ്യമുണ്ടൊ എന്നു നോക്കുന്നപക്ഷം അതുമില്ല. ടെൻഡർവിളിച്ചു കുറഞ്ഞ വിലയ്ക്കു കാൺട്രാക്ട് കൊടുക്കുന്ന സർക്കാരിനു നിരക്കുവില ആവശ്യമെന്താണ്? കണ്ടുകൃഷികരത്തിനു നിരക്കുവില നിശ്ചയിച്ചശേഷം അതു കുറയ്ക്കണം, കുറയ്ക്കണം, കുറയ്ക്കണമെന്നു നിലവിളിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി ക ർ ചക്രത്തിൽനിന്നു ക ാ ം പിന്നീടു ഫ വ ം ചക്രമായി കുറച്ചുകഴിഞ്ഞു. അതുകൊണ്ടു് ആ വകക്കും സർക്കാരിനു നിരക്കുവില ആവശ്യമില്ല. പിന്നെ ഈ നിരക്കുവിലയുടെ ആവശ്യം ആർക്കാണു്?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : കമ്പോളവിലയിൽനിന്നും കുറയ്ക്കുന്നതിന് ആവശ്യക്കാരുണ്ടാകാതെ വരുമൊ?

MR. S. KRISHNA PILLAI (*Karunagapalli*) : ആവശ്യക്കാരുണ്ടായിരുന്നാൽ മാത്രംമതിയൊ? കായ്പും സാധിക്കേണ്ടതല്ലെ?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : കുടിയാന്മാരിൽ എല്ലാവരും പണമില്ലാത്തവരാണൊ?

MR. S. KRISHNA PILLAI (*Karunagapalli*) : ജന്മിക്കു ഇപ്പോഴത്തെ കിട്ടാൻപോകുന്നിടത്തോളം ഭാഗം കുടിയാനു ഈ രാജ്യത്തു ഒരിക്കലും കിട്ടുകയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇന്നു ജന്മിമാരായിട്ടുള്ളവരെല്ലാം കുടിയാന്മാരെന്നും, കുടിയാന്മാരായിട്ടുള്ളവരെല്ലാം ജന്മിമാരെന്നും വ്യവസ്ഥചെയ്യുന്ന ഒരു നിയമം പാസാക്കുന്നതായാൽ ജന്മിമാരു

LIBRARY ARCHIVES Kerala Legislative Assembly

ടെ തടിപ്പൊക്കെ കുടിയാന്മാക്കുകിട്ടും. അതിൽ മെമ്പക്കു വിരോധ മുണ്ടൊ? (ചിരി).

MR. S. KRISHNA PILLAI (*Karunagapalli*) : ജന്മിമാരുടെ തടിപ്പിൽ ഒരു നെൽക്കടപോലും കുടിയാന്മാർക്കാവശ്യമില്ല. ജന്മിമാർ തടിക്കു ന്നതിനുവേണ്ടി കുടിയാന്മാരുടെ അടുക്കൽനിന്നും കൂട്ടതല്പായി ഒന്നും വാ ങ്ങിക്കരുത്. അതായത് പുരുക്കത്തിൽ ജന്മിമാരെ തടിപ്പിക്കുന്നഭാരം കുടിയാനിൽ ചുമത്താൻ വരരുത് എന്നാണ് ഞാൻ പറയുന്നത്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു നെല്ല ആവ ശ്യമില്ലെന്നു മെമ്പർ വിചാരിക്കുന്നുണ്ടൊ?

MR. S. KRISHNA PILLAI (*Karunagapalli*): ജന്മിക്കു നെല്ല വളരെ അത്യാവശ്യമാണെങ്കിൽ പണം കൊടുത്തുവാങ്ങിക്കണം. സർക്കാർ പി രിക്കുന്നഭാരം ഏററിരിക്കുന്നതുകൊണ്ടു ജന്മിക്കു പണമായിട്ടല്ലാതെ നെല്ലായിട്ടു പിരിച്ചതരുമെന്നും ഞാൻ വിചാരിക്കുന്നില്ല.

Sir, if the *nirak* rate is the rate that is to be adopted, there is this very grave danger which the kudiyan has to face. A small attempt appears to have been made by the Government in the preparation of statistics this year, because I find a provision made in the budget for the appointment of a small staff of clerks for the preparation of statistics ; but I am certain that even those clerks are not to be put in charge of this matter ; they are to be put in charge of statistics of customs duty leviable on articles which are imported into Travancore or exported out of Travancore through inland routes. This subject of preparation of *nirak* rates will not form part of their duties ; this will always form part of the work of the Head Clerks of Taluk Offices. The members of this House will be convinced that out of thirty Tahsildars in the State, at least half-a-dozen of them are committing the most serious blunders in the discharge of their duties.

PRESIDENT : That is irrelevant.

MR. S. KRISHNA PILLAI (*Karunagapalli*) : I referred to that fact only to show under what serious risk the kudiyan stands at present if the *nirak* rate is adopted. If the Government would guarantee that in regard to the preparation of *nirak* rates some method will be adopted which would be infallible and keep the balance even between the jenmi and the kudiyan, that will be alright.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : If that is done, will the member be agreeable ?

MR. S. KRISHNA PILLAI (*Karunagapalli*) : No. Because the matter has to be entrusted to the Tahsildar in whom, as one representing the public, I cannot as a general statement say I have th fulles confidence. The kudiyan should not be left to the tender mercy of the clerks of the Taluk Office. We shall be glad to pay a fixed sum which

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

will be invariable, which will not be increased or decreased at the whims and fancies of a clerk of the Tahsildar. It is with that object that I have moved this amendment. It is implied in this amendment that wherever jenmikaram is found payable in kind it shall be payable in money. In cases where it is Payable in money this amendment will not be of particular relevancy.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാർ, നിരക്കുവില ഉണ്ടാക്കുന്ന ഗ്രമസ്ഥന്മാക്കൊ അല്ലെങ്കിൽ അതിൽ ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാക്കൊ കൈക്കൂലി കൊടുത്തു നിരക്കു വില ഭേദപ്പെടുത്തി നീതികരമല്ലാത്ത പ്രവൃത്തി ചെയ്യുന്നു എന്നും, അങ്ങനെ മേലാൽ വരാതിരിക്കുന്നതിനു വേണ്ടി സ്ഥിരമായി ഫ ഫ ചക്രം വില നിശ്ചയിക്കേണ്ടതാണെന്നുമാണല്ലൊ മെമ്പർ പ്രസ്താവിച്ചതു്. അതു് ഈ ഒരു സംഗതിയിൽ മാത്രം മതിയൊ? അങ്ങനെയാണെങ്കിൽ ഇന്നു സിവിൽ കോടതികളിൽ ജന്മിമാർ ജഡ്ജിമാക്കു കൈക്കൂലി കൊടുത്തു അവരുടെ ഇഷ്ടം പോലെയുള്ള വിധി വരുത്തുന്നതിനു മാർഗ്ഗമുണ്ടല്ലൊ. അതിലേക്കു വല്ല നിബന്ധനകളും ചെയ്യേണ്ടതാണെന്നു മെമ്പർ വിചാരിക്കുന്നില്ലെ?

MR. S. KRISHNA PILLAI (*Karunagapalli*): നിരക്കു വിലയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, താലൂക്കുകച്ചേരിയിൽ നിന്നും നിരക്കു വില തയ്യാറാക്കി മാസാവസാനത്തിൽ ഗവണ്മെൻറിൽ അയച്ചു അതു ഗസറ്റിൽ പ്രസിദ്ധം ചെയ്തു കഴിഞ്ഞാൽ പിന്നീടു ജന്മി സിവിൽ കോടതിയിൽ കൈക്കൂലി കൊടുത്താലും ശരി, ഇല്ലെങ്കിലും ശരി, ഏതാണൊ നിരക്കു വില ആ നിരക്കു വില വിധിച്ചു കൊടുക്കുന്നതിനു ന്യായാധിപൻ നിർബന്ധിതനായി തീരുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ നിരക്കു വില ആരാണു് തയ്യാറാക്കുന്നതു്?

MR. S. KRISHNA PILLAI (*Karunagapalli*): ദിവസം ര ചക്രം മുതൽ ൊ ചക്രം വരെ വരുമാനമുള്ള, താലൂക്കു ആഫീസിലൊ ഡിവിഷനിലൊ ഉള്ള, കാപ്പിസ്റ്റർമാരൊ, ഗ്രമസ്ഥന്മാരൊ, അല്ലെങ്കിൽ മുപ്പത്തി അഞ്ചൊ നാല്പതൊ രൂപാ ശമ്പളമുള്ള ഹെഡ്ഗ്രമസ്ഥന്മാരൊ, ചില കേസുകളിൽ ൨൦൦ രൂപാ ശമ്പളമുള്ള തഹശീൽദാർ തന്നെയൊ ആയിരിക്കും നിരക്കു വില തയ്യാറാക്കുന്നതു്, അല്ലാതെ അധികാരവും ഉത്തരവാദിത്വവുമുള്ള ഉദ്യോഗസ്ഥന്മാർ യഥാർത്ഥത്തിൽ ഈ ചുമതല വഹിക്കുന്നുണ്ടെന്നു പറയാൻ ഞാൻ തയ്യാറില്ല. ഇതു എന്റെ അനുഭവത്തിൽ അറിയാവുന്ന സംഗതിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jeumies*): നിരക്കു വില ജന്മി മാക്കു കിട്ടേണ്ട നെല്ലിനെ സംബന്ധിച്ചു മാത്രമാണൊ?

MR. S. KRISHNA PILLAI (*Karunagapalli*): അല്ല, എന്നാൽ നെല്ലിന്റെ നിരക്കു വില ക്രട്ടേണ്ട ആവശ്യം നേരിട്ടിരിക്കുന്നതു് ഈ രാജ്യത്തു ജന്മിമാരെ പോലെ മറ്റാക്കും തന്നെയില്ല. എന്നു ഞാൻ മുമ്പെ പറഞ്ഞു കഴിഞ്ഞു.

ജന്മിക്കു കിട്ടേണ്ട ജന്മിവാരം, മിച്ചവാരം ഇവ, നെല്ലായിട്ടു തന്നെ ഈടാക്കുന്നതിനുള്ള അവകാശം ജന്മിക്കു ഇതു വരെ ഉണ്ടായിരുന്നു. അതിനാൽ നിരക്കു വിലയെ സംബന്ധിച്ചിടത്തോളം ഇതു താല്പര്യമുള്ളയാളുകൾ ജന്മിമാരല്ലാതെ മറ്റാരും തന്നെ ഈ രാജ്യത്തുണ്ടെന്നു വിചാരിക്കുവാൻ തരമില്ല. സെറ്റിൽമെൻറനുസരിച്ചുള്ള കരം സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കു വിലവച്ചു പിരിച്ചു വരുന്നതിനാൽ ഈ നിരക്കു വിലയുടെ ആവശ്യം സർക്കാരിനില്ലെന്നു സ്പഷ്ടമാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കണ്ടുകൃഷിക്കരം സംബന്ധിച്ചുള്ള റേറു് എന്താണു്?

MR. S. KRISHNA PILLAI (*Karunagapalli*): നെല്ലിന്റെ വിലയെ സംബന്ധിച്ചു ഒരു കാലത്തുണ്ടായ പ്രക്ഷോഭണം നിമിത്തം കണ്ടുകൃഷിക്കരം നെല്ലായി തന്നെ പിരിച്ചു വന്നു. അതിനുശേഷം ഗവർമെൻറു് നിരക്കു വില സർക്കാരും കൂടിയാണും സമ്മതിച്ചു. അതു വളരെ ക്രടിയ ഒരു നിരക്കായിരുന്നു. അതിന്റെ ഫലമായി ഇരിക്കപ്പൊറുതിയില്ലാതെ കണ്ടുകൃഷി വസ്തുക്കളുള്ള ഓരൊ താലൂക്കുകളിലുമുള്ള പ്രമാണികളായ പൌരന്മാർ, ആണ്ടിൽ രണ്ടും മൂന്നും പ്രാവശ്യം ഈ തിരുവനന്തപുരം പട്ടണത്തിൽ വന്നു ഇവിടെ അധിവസിക്കുന്ന ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വീട്ടുകാരം തോറും കയറി ഇറങ്ങി അവലാതി പറഞ്ഞു കൊണ്ടു നടക്കുകയാണു്. അങ്ങനെയുള്ള ഒരു ഘട്ടം തിരുവിതാംകൂർ രാജ്യത്തുള്ള എല്ലാപേക്കും വരുത്തി ക്രട്ടണമെന്നു മെമ്പർ വിചാരിക്കുന്നുവെങ്കിൽ അതു വലുതായ ഒരധർമ്മമല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു എന്റെ ചോദ്യത്തിനു ശരിയായ സമാധാനമായില്ല. കമ്പോള നിരക്കനുസരിച്ചൊ അല്ലെങ്കിൽ ഈ ഫ്ര ഫ്ര ചക്രം നിരക്കനുസരിച്ചൊ കണ്ടുകൃഷി നെല്ലിനും വില ഈടാക്കരുതൊ?

MR. S. KRISHNA PILLAI (*Karunagagalli*): കണ്ടുകൃഷി നെല്ലിനു ഒരു സ്ഥിരമായ നിരക്കുവില ഗവണ്മെൻറു കല്പിക്കയും അതു കുടികാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

സ്വീകരിക്കയും ചെയ്യു. അങ്ങനെ നിശ്ചയിച്ചതു അന്നത്തെയൊ അല്ലെങ്കിൽ അതിനു സമീപകാലത്തെയൊ കമ്പോളനിരക്കായിരിക്കണം. അതു വളരെ അധികമായി പോയി എന്നു പരാതി പറഞ്ഞതിന്റെ ഫലമായി കുറച്ചു കുറച്ചു ഫ്രവു ചക്രം വരെ ആക്കിയിട്ടുണ്ടു്.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): ഇപ്പോൾ നെല്ലിനു എന്തു വിലയുണ്ടു്?

MR. S. KRISHNA PILLAI (*Karunagapalli*): ശരാശരി ഫ്രാ ചക്രമൊ ഫ്രാ ചക്രമൊ കാണും. ഇവിടെ ആക്കെക്കിലും നെല്ലുവേണമെന്നു പ്രസ്താവിച്ചാൽ തീർച്ചയായും ധാരാളം നെല്ലു ഇവിടെ വന്നു ചേരും. എന്തു കൊണ്ടെന്നാൽ നെല്ലു വിൽക്കാൻ നിവൃത്തിയില്ലാതെ അനവധി ആളുകൾ കഷ്ടപ്പെടുന്നുണ്ടു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാന്മാക്കു നെല്ലു വിൽക്കേണ്ട ആവശ്യമുണ്ടൊ?

MR. S. KRISHNA PILLAI (*Karunagapalli*): ജന്മിമാക്കു കൊടുത്തശേഷം ബാക്കിയുള്ള നെല്ലു വിൽക്കാതെ അവക്കു സാധിക്കുകയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു ഫ്രാ ഫ്രാ ചക്രം കൊടുത്താൽ മതിയല്ലൊ?

MR. S. KRISHNA PILLAI (*Karunagapalli*): നെല്ലു മാത്രം തിന്നുകയല്ലല്ലൊ കുടിയാന്മാർ ചെയ്യുന്നതു്. ഒരു റാത്തൽ മുളകൊ ഉപ്പൊ ഒന്നും വാങ്ങിച്ചില്ലെങ്കിലും ഒരു ചക്രത്തിനു ഉപ്പും ഒരു ചക്രത്തിനു മുളകും വാങ്ങിക്കാതെ നിവൃത്തിയില്ല. അതിലേക്കു നെല്ലു വിൽക്കാതെ എങ്ങനെ സാധിക്കും.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടെ വസ്തുവിൽ കൃഷി ചെയ്യുണ്ടാക്കുന്ന നെല്ലു ഫ്രാ ഫ്രാ ചക്രം വച്ചു ജൻമിമാക്കു കൊടുത്തു കൊള്ളണമെന്നു വയ്ക്കുന്നതിൽ എന്താണു് തരക്കേടു്?

MR. S. KRISHNA PILLAI (*Karunagapalli*): ഇതിനു മുമ്പിലത്തെ ഭേദഗതി പാസാക്കിയപ്പോൾ ഇനിയും ആദ്യം പാസാക്കിയിട്ടുള്ള വകുപ്പുകൾ ഭേദപ്പെടുത്തേണ്ടതായി വരികയാണെങ്കിൽ എനിക്കു ആ ഭേദഗതി സ്വീകരിക്കാൻ സമ്മതമില്ല എന്നു പറഞ്ഞപ്പോൾ അങ്ങനെ വരികയില്ലെന്നു ലാ മെമ്പർ ഉറപ്പു പറഞ്ഞതു കൊണ്ടാണു് ഞാൻ ആ വകുപ്പു പാസാക്കാൻ സമ്മതിച്ചതു. പിന്നെയും പാസാക്കിയിട്ടുള്ള വകുപ്പുകളെപ്പറ്റി പറയുക എന്നുള്ളതു ശരിയായിട്ടുള്ള ഒന്നല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Anyhow could we expect the jenmies to show the conncessions that the Government were all through showing to the tenants?

MR. S. KRISHNA PILLAI (*Karunagapalli*): Sir, my own impression is that we, who have been tilling the jenmi's land, who have been cultivating it, and we who have enabled the land to bear fruits, should have paramount consideration in the minds of jenmies; and those who have been claiming to have made sacrifices for the kudiyans should come forward and say that they are prepared hereafter to accept this rate of 11 chuckrams which the Sirkar has so far accepted. In the same spirit in which they say that they have so far settled the difficulties and troubles between the jenmi and the kudiyan, they should also do this. The Sirkar is the jenmi and the Sirkar has accepted 11 chuckrams in the case of *pandarapattam* lands. The jenmies should treat these lands on the same footing as the *pandarapattam* lands. It was on the assumption that the Sirkar has done such and such a thing in regard to *pandarapattam* lands that the jenmies also came forward and said that they would also treat it in the same way. The Sirkar was magnanimous and said that they would fix the rate at 11 chuckrams. Why not the Jenmi member come forward and say honourably that he will also accept the same? The Economic Depression Enquiry Committee, which is an expert body, has reported that the *nirak* rate of paddy is not likely to increase. If that is so, I affirm that it is all the more reasonable that the jenmies should come forward and say that they accept this *nirak* rate of 11 chuckrams which the Sirkar is claiming from the kudiyan. I fear also the contingency that at the time of the next Settlement this jenmikaram is liable to be revised; the Sirkar tax is also liable to be revised. If the Sirkar will revise it from 11 chuckrams to 14 chuckrams, this will also go like that. If the Sirkar reduces it then the jenmies can also say that they shall hereafter be called upon to reduce it. But the circumstances that prevail at present will be sufficient justification for the jenmies to come forward and say that they hereby accept this proposal in order to redress the grievances that would be hanging on the kudiyan ever after this Regulation is passed.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): After this Regulation comes into force, suppose the Sirkar reduces the price of paddy. Will the jenmies show the same concession in the future? And can we expect them to show that concession?

MR. S. KRISHNA PILLAI (*Karunagapalli*): My answer is that the Kandukrishi landholders, who form a minority, accepted a rate without hearing the advice of others. They accepted it on certain conditions and those conditions were accepted by Government. After having made that offer and after having allowed Government to accept those conditions, they wanted to wriggle out of it. The rope within which they coiled themselves is now sought to be unwound. The Sirkar has been convinced that it was a mistake that the Kandukrishi tenants did and the Sirkar is now convinced that they entered into an unconscionable

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

transaction from the point of view of the Kandukrishi landholder; and therefore, out of justice, the Sirkar is yielding inch by inch. I am certain that a time will come when the Sirkar will release the tax even in regard to the Kandukrishi tenants. With these observations, I place my motion for the acceptance of the House.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I support the amendment brought forward by Mr. S. Krishna Pillai. Once the Sirkar has undertaken to collect the jenmi's dues, certainly it necessarily follows that there is to be some fixed rate for paddy. In the Bill that is left to be decided year by year by the Government. A reading of Section 4 will clear the point.

There is also another suggestion. The whole matter may be left to the civil courts for decision and some time may be allowed to both the parties to file objections, after which a rate may be fixed. These are the only alternative proposals that are brought forward in regard to this point. The mover of the amendment, Mr. S. Krishna Pillai, wants a definite rate to be fixed in regard to commutation of paddy into money. So, we reach the second stage of considering the proposition, what the rate to be fixed in regard to commutation is. As suggested by my friend, I submit, that, if at all, it is fixed, this suggestion errs on the side of leniency towards those who are entitled to get the dues. I am afraid the mover of the amendment was not quite right when he said that the price of paddy keeps at a level of 10 to 14 chuckrams a *para*. There are places where paddy is available at even 7 to 10 chs. a *para*. As observed by Mr. S. Krishna Pillai, there is absolutely no prospect of the price of paddy shooting up in the near future. Therefore it would be not unwelcome for those who pay the jenmi's dues, if 11 chs. per *para* is fixed. Anyway, in consideration of the fact that a jenmi should not be worried, which I believe the kudiyans will generally concede, this 11 chs. rate is quite adequate. Unless such a rate is fixed upon at this stage of the discussion, it will be very dangerous if the provision is left to be defined by any other agency in regard to which all the observations made by Mr. S. Krishna Pillai hold good.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പറയുക ഫ ഫ ചക്രം ആക്കണമെന്ന പറഞ്ഞല്ലൊ. പറയുക ൭ ചക്രം ആക്കുകയാണെങ്കിൽ മെമ്പർക്ക് അതിഷ്ടമായിരിക്കുമൊ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഒരിക്കലും ഇഷ്ടമായിരിക്കയില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനുള്ള കാരണമെന്താണ്?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ൭ ചക്രം എന്നു പറയുന്നതു ഇപ്പോഴത്തെ വിലയിൽ നിന്നും ൪ ചക്രം കുറവാണ്. അതു കൊണ്ടു ൭ ചക്രം ആക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഏഴ ചക്രമാക്കിയാൽ മെമ്പക്കു തൃപ്തിയായിരിക്കുമോ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഇപ്പോഴത്തെ സ്ഥിതിക്കു അതു മതി: ഏഴു ചക്രമാണ് ഇന്നത്തെ വില.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അപ്പോൾ ഇന്നു ഫർ ചക്രം വിലയുള്ളപ്പോൾ ഒൻപതു ചക്രവും. . . . .

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അതല്ല. ഏഴു ചക്രം വിലയുള്ളപ്പോൾ ഏഴു ചക്രവും . . . . . ശേഷം പറയുക

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെയാണെങ്കിൽ ഫർ ചക്രം വില വരുന്ന കാലത്തു എത്ര ചക്രം ആക്കണം?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): നെല്ലിനു വില ഇനി കൂടുമെന്നു എനിക്കു തോന്നുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സർ. മി: എസ്. കൃഷ്ണപിള്ള ഇവിടെ ഹാജരാക്കിയിട്ടുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഇതുവരെയും ഇവിടെ ആലോചനയ്ക്കു വിഷയമായിട്ടുള്ള ഭേദഗതികളിൽവച്ചു് ഏറ്റവും ഭയങ്കരമായ ഒരു ഭേദഗതിയാണു് ഇതു്. മറ്റുപല ഭേദഗതികളും വന്നപ്പോൾ തമ്മിൽ രാജിയായി അല്പസ്വല്പം അങ്ങോട്ടും ഇങ്ങോട്ടും ഉപേക്ഷിക്കയും മറ്റുമൊക്കെ ചെയ്തിട്ടുണ്ടു്. എന്നാൽ ഈ ഒരു ഭേദഗതി ഒരു കാലത്തും അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): നെല്ലിനു ഏതെങ്കിലും ഒരു വില ക്രമപ്പെടുത്തം ചെയ്യണമെന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക്രമപ്പെടുത്തം ചെയ്യണമെന്നു് എനിക്കഭിപ്രായമില്ല. അതാതുകാലത്തെ നിരക്കുവില എന്നുള്ള തത്വം സ്വീകരിച്ചാൽമതി.

MR. S. KRISHNA PILLAI (*Karunagapalli*): നിരക്കുവില നിർണ്ണയിക്കുന്നതിനുള്ള ചുമതല ആർക്കാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിലേക്കുള്ള ചുമതല ഇന്നെവരെ, മെംബറുടെ അഭിപ്രായപ്രകാരം, ജന്മിമാരിലാണിരുന്നതു്. എന്നാൽ ആ ഭാരം ജന്മിമാരിൽനിന്നും എടുത്തു വേറെ ഒരു ചുമതലക്കാരനെ ആക്കുന്നതിൽ വിരോധമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെ ആരെ ആക്കാമെന്നാണു് മെമ്പറുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മെമ്പറുടെ ഇഷ്ടം പോലെ ആരെ ആക്കിയാലും എനിക്കു വിരോധമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): ഇഷ്ടംപോലെ ഒരാളിനെ നിരക്കുവില നിശ്ചയിക്കുന്നതിനു ആക്കാമെന്നു പറഞ്ഞു. അങ്ങനെ ഒരാളിനെ കൂടിയാൻ ഭാഗത്തുനിന്നും നിശ്ചയിച്ചാലും കൂടിയാന്റെ കയ്യിൽനിന്നു അയാൾ തെറ്റിപോയേക്കുമെന്നു കൂടിയാനു ഭയപ്പെടാൻ വഴിയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടെ മിച്ചവാരത്തിനുമാത്രം ഒരു നിരക്കുവിലയുണ്ടാക്കുന്നതിനു ഒരാളെ നിയമിക്കണമെന്നാണൊ മെമ്പറുടെ അഭിപ്രായം?

MR. S. KRISHNA PILLAI (*Karunagapalli*): എന്റെ അഭിപ്രായം പറയുക്ക് ഫ ഫ ചക്രം വയ്ക്കണമെന്നാണു്. എന്നാൽ വളരെ കുറഞ്ഞതൊ വളരെ കൂടിയതൊ ആകാതെ എന്തുതുക വയ്ക്കാമെന്നാണു് മെമ്പർ വിചാരിക്കുന്നതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിരക്കു റേറു് വയ്ക്കുന്നതാണു് നല്ലതു്.

MR. S. KRISHNA PILLAI (*Karunagapalli*): നിരക്കുറേറു്, ചിങ്ങത്തിൽ ഒരു റേറു്, കന്നിയിൽ ഒരു റേറു്, തുലാത്തിൽ ഒരു റേറു് ഈ ക്രമത്തിനാണു് പോകുന്നതെന്നു ഗസറുകൊണ്ടു കാണുന്നില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫ ഫ മാസത്തെയും ശരാശരി എടുത്തു നിശ്ചയിക്കാം. അതിലേക്കു ആരെ ചുമതലപ്പെടുത്തിയാലും തരക്കേടില്ല.

MR. S. KRISHNA PILLAI (*Karunagapalli*): സക്കാരിലേക്കു ചെല്ലുവാനുള്ള നികുതിക്കു ഒരു വില നിശ്ചയിച്ചിട്ടുണ്ടു്. അതുപോലെ ജന്മിമാരുടെ നെല്ലിനു നിശ്ചിതമായി ഇന്നവില വയ്ക്കണമെന്നു മെമ്പക്കു എന്തുകൊണ്ടു പറയാൻ പാടില്ല?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനെപറ്റി ഞാൻ പറയാം.

MR. S. KRISHNA PILLAI (*Karunagapalli*): ഫ ഫ ചക്രം എന്നു ഞാൻപറഞ്ഞതു ശരിയല്ല എന്നു മെമ്പർ പറഞ്ഞു. എന്നാൽ കൂടിയാന്റെ പക്കൽനിന്നും ജന്മിക്കുകിട്ടേണ്ട നെല്ലിനു സ്റ്റാൻറാർഡുപറയുക്ക ഒരു രൂപാ കൊടുക്കണമെന്നുവച്ചാൽ അതു മെമ്പക്കു തൃപ്തിയാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാനു അതു നഷ്ടമാണു്. അതുകൊണ്ടു ഒരിക്കലും ഇതു ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാന്റെ രക്ഷയ്ക്കുള്ള ഒരു പദ്ധതി നിശ്ചയിക്കേണ്ടതാണെന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാന്റെ രക്ഷയ്ക്കുള്ള പദ്ധതി സ്വീകരിക്കാൻ തയ്യാറുണ്ട്.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെയായാൽ നെല്ലിനു എന്തുവിലവച്ചാൽ കുടിയാനു രക്ഷയായിരിക്കുമെന്നാണു് മെമ്പർ വിചാരിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതാണു് അതാതു കാലത്തെ നിരക്കു വില എന്നു ഞാൻ പറഞ്ഞതു്.

MR. S. KRISHNA PILLAI (*Karunagapalli*): അതായതു അതാതു് കാലത്തു കുടിയാനെ മദ്ദിച്ചുകൊണ്ടിരിക്കുന്നതിനു ഒരായുധം ജന്മിക്കു സ്വായത്തമായിരിക്കണമെന്നാണു് ഇപ്പോഴും മെമ്പറുടെ ഉദ്ദേശം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മാക്കറു് റേറായിരിക്കും ഇരുകക്ഷികൾക്കും രക്ഷയായിട്ടുള്ളതു്.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം ചോദിച്ചാൽ ഇരുകക്ഷികളുടെയും കാര്യം പറയുന്നതെന്തിനാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാനു രക്ഷയുണ്ടായിരിക്കയും വേണം ജന്മിക്കു നഷ്ടമുണ്ടാവുകയും അരുതു്.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാന്റെ രക്ഷയ്ക്കു വില എങ്ങനെ വയ്ക്കാം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കമ്പോളനിരക്കല്ലാതെ വേറെ ഒന്നുമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാൻ രജിസ്റ്റർ ചെയ്തു ഒരു സംഘടനരൂപീകരിച്ചു ആ സംഘടനയിൽനിന്നും അതാതു കാലത്തെ മാക്കറു് റേറു് ഇന്നതാണെന്നു ജന്മിയെ അറിയിച്ചാൽ ആ തുക സ്വീകരിക്കുന്നതിനു തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറിൽനിന്നും അംഗീകരിക്കുന്നതായ നിരക്കു റേറാണെങ്കിൽ സ്വീകരിക്കാം.

MR. S. KRISHNA PILLAI (*Karunagapalli*): ഗവണ്മെൻറു അംഗീകരിക്കുന്നോ ഇല്ലയോ എന്നു ഞാൻ മെമ്പറോടു ചോദിക്കുന്നില്ല. മെമ്പർക്കു സമ്മതമാണോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാൻ കാൺഫ്റൻസിൽനിന്നും തീരുമാനിക്കുന്ന വില സ്വീകരിക്കാൻ തയ്യാറില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെയാണെങ്കിൽ നിങ്ങൾ താലോലിച്ചു വളർത്തിവരുന്ന എന്നുപറയുന്ന കുടിയാൻറെ പക്കൽനിന്നും സ്ഥിരമായി എന്നും പണം സമ്പാദിച്ചുകൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശമെയുള്ളു എന്നു പറയണം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) ഞാൻ അതു പറയുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*): പറയുന്ന ഫർച്ചക്കും വച്ചാൽ അതു ജന്മിമാക്കു സ്വീകാര്യമായിരിക്കുമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതാതു കാലത്തെ മാർക്കറ്റു റേറു് എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി അതിനെപ്പറ്റി ചോദിക്കേണ്ട ആവശ്യമില്ല. മാർക്കറ്റു റേറിൽ കുറഞ്ഞ ഒരു തുകയും സ്വീകരിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ലെന്നുകൂടി ഞാൻ മെമ്പറെ അറിയിച്ചുകൊള്ളുന്നു.

സർ, നെല്ലു വില കുറയ്ക്കണമെന്നുള്ളതിനെ സംബന്ധിച്ചു പല ന്യായങ്ങളും ഇവിടെ പറയുകയുണ്ടായി. ഫർച്ചക്കും വയ്ക്കുന്നതിനു മി: എസ്. കൃഷ്ണപിള്ള പറഞ്ഞതായ ന്യായം ഗവണ്മെൻറിനു ചെല്ലേണ്ടതായ നികുതി നെല്ലിനു അതുയെ വച്ചിട്ടുള്ളു എന്നും ആ സ്ഥിതിക്കു ജന്മിക്കു് ഇതിൽകൂടുതൽ കൊടുക്കുന്നതു ഒരിക്കലും ന്യായമായി വരികയില്ലെന്നുമാണു്. ഇങ്ങനെ ജന്മിമാരെ ഗവണ്മെൻറിനോടു സാമ്യപ്പെടുത്തിയിരിക്കയാണു്. അങ്ങനെയാണെങ്കിൽ ഇന്നു ഗവണ്മെൻറിനിരിക്കുന്ന ക്രിമിനൽ സിവിൽ ഭരണം, എക്സൈസ്, അബ്കാരി തുടങ്ങിയുള്ള സകല അവകാശങ്ങളും ജന്മിമാക്കു കൊടുക്കാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അങ്ങനെ ഗവണ്മെൻറിനുള്ള സകല അധികാരങ്ങളും ഞങ്ങൾക്കു തന്നിട്ടു—ഈ ഭാ (ഞങ്ങളും സ്വീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറില്ല—ഗവണ്മെൻറു വച്ചിട്ടുള്ള റേറായ ഫ ഫ ചക്രംവച്ചു വാങ്ങിക്കൊള്ളണമെന്നു പറഞ്ഞാൽ അതു സ്വീകരിക്കാമായിരുന്നു.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഗവണ്മെൻറിനെപോലെ ഞങ്ങൾക്കു ആശുപത്രിയും മറ്റുമൊക്കെ സ്ഥാപിച്ചുതരുമോ? (ചിരി)

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫ ഫ ചക്രംവച്ചുള്ള കരവും, എക്സൈസ്, ഫാറസ്റ്റ് തുടങ്ങിയുള്ള ആദായവും, ക്രിമിനൽ, സിവിൽ ഭരണവും ജന്മിമാക്കു തരുന്നപക്ഷം, ആശുപത്രി, അഞ്ചലാഫീസ്, പള്ളിക്കൂടങ്ങൾ ഇവകളൊക്കെ സ്ഥാപിച്ചുതരാം. അങ്ങനെ ഗവണ്മെൻറിന്റെ അധികാരം തരിക എന്നുള്ളതു സാധ്യമല്ല. ആ സ്ഥിതിക്കു ഗവണ്മെൻറു ചെയ്യുന്നതുപോലെ ജന്മിമാരും ചെയ്യണമെന്നുള്ള അഭിപ്രായം സ്വീകരിക്കുവാൻ നിവൃത്തിയില്ല.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): ഗവണ്മെൻറിന്റെ എന്തു അധികാരമാണ് ആവശ്യപ്പെടുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സിവിൽ, ക്രിമിനൽ അധികാരം, മറ്റു ധനാഗമമാർഗ്ഗങ്ങൾക്കുള്ള അവകാശം, ദിവാനെ ആക്കാനുള്ള അധികാരം, ഇതൊക്കെ തന്നാൽ ഞങ്ങളുടെ രാജ്യത്തു സകലതും സ്ഥാപിച്ചു കൊടുക്കാം, ജന്മിമാരുടെ വസ്തുക്കളാണ് അവരുടെ രാജ്യമെന്നു പറയുന്നതു്.

MR. S. KRISHNA PILLAI (*Karunagapalli*): അഷ്ടവൂർ മനയ്ക്കൽ ജന്മിയുടെ വകയായി ഒരു ദിവാൻജിയെ നിയമിച്ചിട്ടുള്ളതായി അറിയാമൊ? (ചിരി)

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം; ആ ദിവാന്റെ അധികാരങ്ങളും അറിയാം. അഷ്ടവൂർ മനയ്ക്കൽ ദിവാന്റെ അധികാരം കൂടിയാന്മാരെ പിഴിഞ്ഞരിച്ചു പണം ഉണ്ടാക്കുക എന്നുള്ളതാണ്. അല്ലാതെ സിവിൽ ക്രിമിനൽ അധികാരമൊ, മറ്റു അധികാരങ്ങളൊ അഷ്ടവൂർ ദിവാനില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സർക്കാർ കരത്തിനു നെല്ലിനു എന്തു വിലവച്ചുകൊടുക്കണം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫ ഫ ചക്രം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതു നാലിൽ ഒരു ഭാഗത്തിനല്ലെ ഒള്ളു. ശരാശരി തിരുവനന്തപുരം ഡിവിഷനിൽ വൺ ഫ്ലൈ ചക്രവും കോട്ടയം ഡിവിഷനിൽ ഒൻപ് ഫ്ലൈ ചക്രവും വച്ചല്ലെ ഈടാക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഞാൻ അതു് ഓക്കുന്നില്ല.

ഒരു ഗവണ്മെൻറിനു സമാനമായ പൂജ്യത ഞങ്ങൾക്കു തന്നതിൽ ഞാൻ ആ മെമ്പറെ അഭിനന്ദിക്കയും, ഗവണ്മെൻറിനുള്ള മറുധികാരങ്ങൾകൂടി തരുന്നതിനു അപേക്ഷിക്കയുംചെയ്തുകൊള്ളുന്നു.

ജന്മിമാർ കൈക്കൂലി കൊടുത്തു നിരക്കുവില നിർണ്ണയിപ്പിക്കുന്നു എന്നാണു മി: എസ്. കൃഷ്ണപിള്ള പിന്നീടു് അഭിപ്രായപ്പെട്ടതു്.

MR. S. KRISHNA PILLAI (*Karunagapalli*) : ഞാൻ പറഞ്ഞതു "ജന്മിമാരുടെ അധികാരം ഏതു തരത്തിലെങ്കിലും, അതായതു കൈക്കൂലി രൂപത്തിലല്ല സ്നേഹവാത്സല്യാദികളുടെ രൂപത്തിലൊ, അല്ലെങ്കിൽ അധികാരരൂപത്തിലൊ പ്രയോഗിച്ചു ഇവരെ വഴിപ്പെടുത്തുന്നു" എന്നാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഏതായാലും അക്രമമായ ഒരു പ്രയോഗം ചെയ്യുന്നു എന്നുള്ള അർത്ഥം അതിൽ വരുന്നുണ്ടു്. നീതിവിരുദ്ധമായ പ്രവൃത്തികൾമൂലം നിരക്കുവില ഭേദപ്പെടുത്തുന്നു എന്നുള്ള ഒരഭിപ്രായം കൂടിയാൻഭാഗത്തുനിന്നു ഇതുവരെയും കേൾക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ യഥാർത്ഥത്തിൽ നടന്നിരുന്നാൽ ഇതിനുമുമ്പെന്നെ ഒരു വലുതായ പ്രക്ഷോഭണം ഈ രാജ്യത്തു നടക്കുമായിരുന്നു. ഈ ചതുരുപായം പ്രയോഗിക്കണമെങ്കിൽതന്നെ ജന്മവസ്തുക്കളുള്ള ഉദ്യോഗസ്ഥന്മാരിലും ഓരോ കമ്മിറിയിലും ഓരോ ചുമതലക്കാരും ഉണ്ടായിരിക്കേണ്ടതാണല്ലൊ. അങ്ങനെ ഒന്നും ഇപ്പോളില്ല.

MR. S. KRISHNA PILLAI (*Karunagapalli*): റൌണ്ടു ടേബിൾ കാൺഫറൻസിൽ അംഗീകരിച്ചതായ ബില്ലിൽ ജന്മിമാരുടെ വകയായ നെല്ലറകൾ ഓരോ പകുതിയിലും ഉണ്ടായിരിക്കണമെന്നൊരു വ്യവസ്ഥയുണ്ടായിരുന്നതറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അറിയാം.

MR. S. KRISHNA PILLAI (*Karunagapalli*) : ആ വ്യവസ്ഥയനുസരിച്ചു നെല്ലിന്റെ നിരക്കുവിലയ്ക്കുള്ള പണം കൊടുത്തുകൊള്ളണമെന്നുള്ളതു സമ്മതിച്ചാൽ അങ്ങനെയുള്ള നിരക്കുവില അതാതു താലൂക്കുകളുടെ തലസ്ഥാനത്തുള്ള നിരക്കു വിലയായിരിക്കുമെന്നുള്ളതും മെമ്പർക്കറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : റൌണ്ട് ടേബിൾ കാൺഫറൻസിലെ വ്യവസ്ഥയനുസരിച്ച് അതാതു പകുതിയിൽ കൊണ്ടുകൊടുക്കുന്ന നെല്ലിന്റെ വിലയും, ഇപ്പോഴത്തെ സ്ഥിതിക്കു നിരക്കുവിലയായി രൂപാന്തരപ്പെടുന്ന വിലയും തമ്മിൽ എന്തു വ്യത്യാസമുണ്ടെന്നറിയാമൊ? ഇപ്പൊഴത്തെ നിരക്കുവില എന്നു പറയുന്നതു അതാതു താലൂക്കുകളിലെ പ്രധാനപ്പെട്ട കമ്പോളത്തിൽ വില്ക്കുന്ന വിലയാണ്. ഉൾനാടുകളിൽനിന്നൊ അല്ലെങ്കിൽ ദൂരദേശങ്ങളിൽനിന്നൊ തല്സ്ഥാനത്തു നെല്ലുകൊണ്ടുവന്നു വില്ക്കുമ്പോൾ നെല്ലിന്റെ അസൽ വിലയും, ചുമട്ടുകൂലിചിലവുംകൂടി ഉൾപ്പെടെയുള്ള വിലയാണു നിരക്കുവില. അതു യഥാർത്ഥത്തിൽ അതാതു പകുതിയിലുള്ള വിലയെല്ലെന്നും അതിനെക്കാൾ കൂടുതലായിട്ടുള്ളതാണെന്നും മെമ്പർക്കറിയാമൊ ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : നെല്ലു മുഴുവൻ കൂടിയാൻതന്നെ കമ്പോളത്തിൽ കൊണ്ടുചെന്നു വില്ക്കുകയാണൊ ചെയ്യുന്നതെന്നു എനിക്കറിഞ്ഞുകൂടാ.

MR. S. KRISHNA PILLAI (*Karunagapalli*) : നെല്ലു ശേഖരിച്ചിട്ടുള്ള ജന്മിമാർ എത്രപേർ നെല്ലു കമ്പോളത്തിൽകൊണ്ടുചെന്നു വില്ക്കുന്നുണ്ട്? അവരവരുടെ അറയുടെ വാതുക്കൽ പറയുംകൊണ്ടുവന്നു വാങ്ങിക്കയല്ലെ പതിവ്? തിരുവിതാംകൂറിൽ നട്ടുവളർത്തുന്ന നെല്ലിൽ എത്ര ഭാഗമാണു കമ്പോളത്തിൽ കൊണ്ടുകൊടുത്തു വില വാങ്ങിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : റേറു നിശ്ചയിക്കുന്നതിനു ഈ സംഗതികളെല്ലാം നോക്കുക എന്നു വരുമ്പോൾ തത്വത്തിനു യോജിക്കുന്നതല്ല. ജന്മിക്കു കൂടിയാൻ കൃഷിസ്ഥലത്തു നെല്ലുകൊടുക്കണമെന്നുവച്ചാൽ, അതു ചാക്കിൽ കെട്ടണം; ചുമപ്പിക്കണം; വള്ളത്തിൽ കയറ്റണം; അതിലേക്കു രണ്ടുപേർക്കു കൂലികൊടുക്കണം; അതു കഴിഞ്ഞു കമ്പോളത്തിൽ കൊണ്ടുപോകണം; കമ്പോളം നദീതീരത്തൊ കായൽതീരത്തൊ ആയാൽ കൂടുതൽ കൂലികെടുക്കണം; ഈ നഷ്ടമൊക്കെ ജന്മി സഹിക്കേണ്ടതൊ?

MR. S. KRISHNA PILLAI (*Karunagapalli*) : ഈ ചിലവുകളെല്ലാം ഉൾപ്പെടുത്തിയല്ലെ നിരക്കു വില വരുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നെല്ലു കൂടിയാന്മാർ കമ്പോളത്തിൽ കൊണ്ടു ചെന്നുവിൽക്കാറില്ല. നെല്ലിനു നാട്ടുനടപ്പു

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

എന്തുവിലയുണ്ടോ അതാണ് ജന്മിമാരും കുടിയാന്മാരും സ്വീകരിച്ചു വരുന്നതു. ആ റേറു തന്നെയാണ് കോടതിയിൽ ചെന്നാലും കിട്ടുന്നതു്. അതിനാൽ നെല്ലുവിലകൂറച്ചു വയ്ക്കണമെന്നുള്ള അഭിപ്രായം എനിക്കു സ്വീകരിക്കുവാൻ ഒരു നിവൃത്തിയുമില്ല.

നെല്ലിനു ഒരു വില ക്ലുപ്തപ്പെടുത്തുന്നതു നന്നായിരിക്കും എന്നൊരു അഭിപ്രായമുണ്ട്. പറയുന്ന ഒരുതുപാവച്ചാൽ സ്വീകരിക്കാമൊ എന്നൊരു ചോദ്യമുണ്ടായി. ക്രൂതൽ തുക വച്ചാൽ കുടിയാനും, കുറഞ്ഞ തുകവച്ചാൽ ജന്മിക്കും നഷ്ടംവരുമെന്നുള്ളതു തക്കമറ സംഗതിയാണ്. നിരക്കു വിലവച്ചാൽ രണ്ടു ക്രൂട്ടർക്കും ദോഷമില്ല. ജന്മിക്കു പട്ടിണിക്രൂടാതെയും കഴിക്കാം. ജന്മി എന്നു പറയുന്നവരുടെ അറകളിൽ അനവധി നെല്ലുകിടപ്പുണ്ടെന്നും അതു വിറ്റു അവർച്ചലവുചെയ്യുവരുന്നു എന്നുമാണു ഈ കൌൺസിലിലുള്ള മെമ്പർമാർ ഏറക്കുറെ ധരിച്ചിരിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നു ഈ രാജ്യത്തു നെല്ലുവിറ്റു പണമുണ്ടാക്കുന്നതായി എട്ടൊ പത്തൊ ജന്മിമാർ മാത്രമെ കാണുകയുള്ളു. ബാക്കിയുള്ള ജന്മിമാക്കു നെല്ലു ഉണ്ണാൻ പോലും കിട്ടുന്നില്ല. ഇങ്ങനെയുള്ള ജന്മിമാക്കു കിട്ടേണ്ടതായ നെല്ലിനു അതാതു നാട്ടുനടപ്പനുസരിച്ചുള്ള വില കിട്ടിയില്ലെങ്കിൽ അതു വലിയ സങ്കടത്തിനു കാരണമാകും.

ഈ വിലതന്നെ കിട്ടിയാലും മറെറാരു വലിയ നഷ്ടം ജന്മിമാക്കുണ്ട്. കമ്പോളനിരക്കു വില തന്നെ കിട്ടിയാലും ആ വിലകൊടുത്തു കമ്പോളത്തിൽ ചെന്നു നെല്ലുവാങ്ങി കൊണ്ടു വരേണ്ടതായിട്ടുണ്ട്. ഇതിലേക്കുള്ള വിലവുക്രൂടി കുടിയാന്മാരിൽ നിന്നുംകിട്ടേണ്ടതാണെന്നു ജന്മി പറയാതിരുന്നതു ജന്മിമാരുടെ ഉദാരതയാണെന്നുള്ള സംഗതിക്രൂടി ഈ കൌൺസിൽ ആലോചിക്കണം. നെല്ലുകൊടുത്തു കൊള്ളാമെന്നും വാങ്ങിച്ചു കൊള്ളാമെന്നും ഇന്നു ജന്മിയും കുടിയാനും തമ്മിലുള്ള കരാറിനെ ലംഘിച്ചു പണം തന്നാൽ മതി എന്നു സമ്മതിച്ചു അവസരത്തിൽ ജന്മിമാർക്കു നഷ്ടമുണ്ടെന്നുള്ള സംഗതി എല്ലാവക്കും അറിയാവുന്നതാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പല കമ്പോളങ്ങളിലെയും റേറ് പലതരത്തിലായിരിക്കയല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കമ്പോള റേറ് ജന്മിമാക്കു തനിച്ചുള്ള ഒന്നല്ല. രാജ്യത്തു പൊതുവെ ആവശ്യമുള്ള ഒരു റേറാണ്. ജന്മിമാത്രം അതു സ്വീകരിക്കാൻ പാടില്ലെന്നും രാജ്യത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

മറ്റു കായ്ങ്ങൾക്കൊക്കെ കമ്പോള റേറ്റു മതി എന്നും വിചാരിക്കാൻ എന്താണന്യായം?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അപ്പോഴപ്പോഴുണ്ടാകുന്ന കേസുകളുടെ തീരുമാനത്തിനല്ലാതെ ദീർഘകാലത്തേയ്ക്കു നില നിൽക്കുന്ന ഒരേർപ്പാടിനു കമ്പോളറേറ് വയ്ക്കുന്നതു നന്നായിരിക്കുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിയുടെ ആവശ്യത്തിനു കമ്പോള നിരക്കു തന്നെ വേണം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അങ്ങനെ കമ്പോള റേറ് എന്നുവച്ചാൽ അതു സ്ഥിരമായി നിൽക്കേണ്ടതെയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സ്ഥിരമായിനിൽക്കും.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഗവണ്മെൻറു നികുതിക്കു ഒരു വിലത്തരം വച്ചിട്ടുണ്ട്. കണ്ടുകൃഷി നെല്ലിനു ഒരു വിലത്തരം വച്ചിട്ടുണ്ട്. അങ്ങനെ സ്ഥിരമായ ഒരു വ്യവസ്ഥവയ്ക്കാതെയിരുന്നാൽ അതു ശരിയായിരിക്കുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇന്നു ഒരു ഒറ്റി എഴുതിമേടിക്കുന്നു. അതിന്റെ അത്ഥത്തിനുള്ള ഉഭയത്തിന് ഏതു റേറവച്ചു കേസ്കൊടുക്കുന്നു? കമ്പോള റേറനുസരിച്ചാണ്. എന്നാൽ കേസു കൊടുക്കാതെ തന്നെ ഈ റേറ് വച്ചു ഞങ്ങൾക്കു തരികയും ഞങ്ങൾ വാങ്ങിക്കയും ചെയ്യാറുണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈ മാതിരിശാശ്വതമായ വല്ലഏർപ്പാടിലും അങ്ങനെ നടക്കാറുണ്ടൊ? എ-യും, ബി-യും തമ്മിലുള്ള ഏർപ്പാടിൽ നടക്കുമായിരിക്കാം. കാണപ്പാട്ട അധാരക്കാർ എല്ലാം ഇങ്ങനെ തരുന്നുണ്ടൊ? കമ്പോള നിരക്കു എന്നു വയ്ക്കുന്നതു ജന്മിക്കും കുടിയാനും അസ്വസ്ഥതയെ ഉണ്ടാക്കുകയില്ലെ? അതില്ലാതെയാക്കാനല്ലെ നാം നിയമം ശ്രുപീകരിക്കുന്നതു?

MR. S. KRISHNA PILLAI (*Karunagapalli*): ഇതെവരെയുള്ള വ്യവസ്ഥയനുസരിച്ചു കുടിയാൻ നെല്ലു കൊണ്ടുവന്ന അളന്നാൽ ജന്മിവാങ്ങിക്കേണ്ടതെയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വേണം.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെ നെല്ലുവാങ്ങിച്ചാൽ അതു സൂക്ഷിക്കാൻ അറപ്പുവേണ്ടതെയൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വേണം.

MR. S. KRISHNA PILLAI (*Karunagapalli*): ഇതു അളക്കാനും സൂക്ഷിക്കാനും കായ്സ്ഥനുംപിള്ളയുംവേണ്ടയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വേണം. പിന്നീടു അതു ചോറാക്കാൻ പാത്രവുംവേണം. (ചിരി)

MR. S. KRISHNA PILLAI (*Karunagapalli*): ഇങ്ങനെനെല്ലു വാങ്ങിഇട്ടിരുന്നാൽ അറയിൽ എലികയറി നശിപ്പിച്ചു അതു വഴിയിൽ കുറെ ചേതംവരികയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വരും.

MR. S. KRISHNA PILLAI (*Karunagapalli*): നെല്ല് ഒന്നിച്ചു അറയിൽ ഇട്ടിരുന്നാൽ അതിൽ ഒരു ശതമാനം കുറവുവരികയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതുംവരും.

MR. S. KRISHNA PILLAI (*Karunagapalli*): ഇതൊക്കെ നോക്കിയാൽ സ്ഥിരമായ ഒരു വിലവച്ചുതരുന്നതു ജന്മിക്കു ലാഭമായിരിക്കയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇല്ല. ജന്മിമാരെ അപേക്ഷിച്ചു കുടിയാന്മാക്കു അറകഠം വളരെകുറവാണ്. അതിനാൽ നെല്ലുമുഴുവനും ജന്മിക്കു കൊണ്ടുകൊടുത്തു പതിനൊന്നുചക്രം വച്ചുവാങ്ങിക്കുന്നതാണു് കുടിയാനു രക്ഷ.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാന്റെ കയ്യിൽ നെല്ലിട്ടിരുന്നാൽ കിടക്കുകയില്ല. നെല്ലായിട്ടതന്നെ വാങ്ങിക്കുന്നതിനു ബാദ്ധ്യസ്ഥനായിരിക്കുന്ന ജന്മിക്കു പണംതരുന്നതുകൊണ്ടു നെല്ലുവാങ്ങിക്കുന്നതിലുള്ള ബുദ്ധിമുട്ടിനെ കണക്കാക്കിനോക്കി കുടിയാന്റെ ബുദ്ധിമുട്ടു കുറെകുറയ്ക്കരുതൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കുള്ള ബുദ്ധിമുട്ടു വളരെയുണ്ടു് എന്നാണുമെമ്പർ പറയുന്നതു്. കുടിയാന്റെ നെല്ലുതന്നാൽ അതുവാരി അറയിൽ ഇടണം; പിന്നെ അതു അരിയാക്കണം; അരിചോറാക്കി ആഹാരം കഴിക്കണം; ഇങ്ങനെ ബുദ്ധിമുട്ടുകളുണ്ടു്. കുടിയാന്റെ രക്ഷക്കു വേണ്ടി ജന്മി ആഹാരം കഴിക്കേണ്ടതു എന്നു മെമ്പർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. (ചിരി)

ഇതിനെപ്പറ്റി വാദപ്രതിവാദംചെയ്തു അധികം സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ജന്മിമാക്കു നെല്ലുകിട്ടാതിരുന്നാലുള്ള സങ്കടം എത്രത്തോളമുണ്ടെന്നുള്ളതു് ഈ കൌൺസിലിലുള്ള ഓരൊമെമ്പ

LIBRARY ARCHIVES Kerala Legislative Assembly

ർമാരുടെയും മനസ്സാക്ഷിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ സംഗതി വോട്ടിനിട്ടാൽ മെജാറിട്ടി കുടിയാൻ ഭാഗത്തേക്കു ഒരു പക്ഷേ കിട്ടിയേക്കുമായിരിക്കാം. എങ്കിലും അങ്ങനെ കിട്ടിക്കഴിഞ്ഞ ശേഷവും, ഇവക്കു ആഹാരത്തിനുള്ളതു ഇല്ലാതെ ചെയ്യുകയാണല്ലൊ ഞങ്ങൾ ചെയ്തതെന്നുള്ള ഒരു മനസ്താപം നിശ്ചയമായും ഓരോരുത്തരുടെയും മനസ്സാക്ഷിയിൽ ഉണ്ടാകുമെന്നു തന്നെയാണു് ഞാൻ വിശ്വസിക്കുന്നതു്. ജയിൽ പുള്ളികളെ പോലും കഷ്ടപ്പെടുത്താൻ പാടില്ല, അവക്കു ആഹാരംസൂ ഭിക്ഷമായികൊടുക്കണം; കലപ്പുള്ളികളെ തുക്കുക തുടങ്ങിയുള്ള കഠോരമായ പ്രവൃത്തികൾ ചെയ്യാൻ പാടില്ല, എന്നിങ്ങനെയുള്ള ഒരു മനഃസ്ഥിതിയാണു് ഇന്നു പരിഷ്കൃത രാജ്യം മുഴുവൻ പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നതു്. ഈ തത്വം ആലോചിക്കുമ്പോൾ ജന്മിമാക്കു ആഹാരം നൽകാതെ അവരെ കൊല്ലണമെന്നുള്ള ഒരാശയം പരിഷ്കൃതാശയന്മാരായ ഈ കൌൺസിലിലെ അംഗങ്ങൾക്കു് ഇല്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. അതിനാൽ ജന്മികളുടെ ആഹാരത്തെ ഇല്ലായ്മ ചെയ്യത്തക്ക വണ്ണംനെല്ലിന്റെ വില കുറച്ചുവയ്ക്കരുതെ. എന്നു എന്റെ അപേക്ഷയെ അധികാരമുള്ള കൌൺസിലിനോടും ഗവണ്മെന്റിനോടും ജന്മിമാക്കുവേണ്ടി അവരുടെ പ്രതിനിധി എന്നനിലയിൽ സമർപ്പിച്ചുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർത്തുകൊള്ളുന്നു.

PRESIDENT: It is now half past four, and we shall now adjourn. I take it that the non-official members have no objection to this Bill being taken up on Saturday. Meanwhile, I think you will form an informal committee under the chairmanship of the Deputy President and arrive at some understanding in regard to the outstanding portions of the Bill so that it could be finished on that day.

The Council adjourned at 4-33 P.M.

P. VISVANATHA AIYAR,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly